DESPATCHED
On...10/6/22...

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 301(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 5859/SIC-G4/2022)**
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 ജൂൺ 7**

ശ്രീ. ജയിംസ് ഇ.എ.,
അരമനപറമ്പ് ഹൗസ്,
വല്ലാർപ്പാടം പി.ഒ.,
പനമ്പക്കാട് – 682 504.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട്,
ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട് കോടതി–III,
പെരുമ്പാവൂർ.

2) അപ്പീൽ അധികാരി & ശിരസ്തദാർ,
ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി,
എറണാകുളം – 682 011.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 15/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 09/12/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 04/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 19/01/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 05/04/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 13/04/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/04/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/05/2022 |
| ഹിയറിംഗ് നടന്ന തീയതി | 07/06/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി – ആഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ജയിംസ് ഇ.എ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും ശരിയായ വിവരം നൽകാതെ ഭാഗികമായ മറുപടി നൽകി വിവരാവകാശ നിയമത്തെ മന:പൂർവ്വം ധിക്കരിച്ച എതിർകക്ഷികൾക്കെതിരെ

ശിക്ഷാനടപടി സ്വീകരിക്കണമെന്നും ഹർജിക്കാരന് വ്യക്തവും കൃത്യവുമായ എല്ലാ രേഖകളും ഒന്നിച്ച് നൽകുവാനുള്ള ഉത്തരവുണ്ടാകണമെന്നുമാണ്.

2. ഹർജിക്കാരൻ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി എസ്.പി.ഐ.ഒ. മുമ്പാകെ 15.11.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, പെരുമ്പാവൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ നിലവിലിരിക്കുന്ന സി.സി.203/2018 നമ്പർ കേസ്സിലെ താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. ഹർജിക്കാരൻ 19.09.2017-ൽ ബഹു. കോടതിയിൽ നൽകിയ മൊഴിയുടെ പകർപ്പ് നൽകണമെന്നും

ii. ബഹു. മജിസ്ട്രേറ്റ് പറഞ്ഞത് ശ്രീമതി ധന്യ കൈപ്പടയിൽ എഴുതി ടിയാളുടെ മൊഴിയാണെന്ന് പറഞ്ഞ് നൽകിയ മൊഴിയുടെ കോപ്പി അടയാളപ്പെടുത്തി നൽകണമെന്നും

iii. 8.11.2021-ൽ ബഹു. കോടതി രേഖപ്പെടുത്തിയ ടിയാന്റെ മൊഴിയുടെ പകർപ്പ് നൽകണമന്നും

iv. സി.സി.നം.203/2018-ലെ സി.എം.പി.നം.1061/2021 ന്റെ കോപ്പി നൽകണമെന്നും മറ്റുമായി 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 09.12.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ 04.01.2022 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയിലെ 8, 9 എന്നീ ചോദ്യങ്ങൾക്ക് മാത്രമാണ് ശരിയായ വിവരം നൽകിയതെന്നും ബാക്കി 11 ചോദ്യങ്ങൾക്കും കൃത്യവും വ്യക്തവുമായ വിവരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി 19.01.2022 തീയതി മറുപടി നൽകിയിട്ടുള്ളതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 05.05.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 5.01.2022-ന് ഹർജിക്കാരന്റെ ഒന്നാം അപ്പീൽ അപേക്ഷ ലഭിച്ച പ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ വിശദമായ റിപ്പോർട്ട് വാങ്ങുകയും ടിയാന്റെ ആദ്യ അപേക്ഷയിൽ 13 ചോദ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നതെന്നും ടി അപേക്ഷയിലെ അപേക്ഷകൻ ഏതു കേസിലെ രേഖകൾ/വിവരങ്ങൾക്കാണോ അപേക്ഷ നൽകിയിരുന്നത് ടിയാൻ ആ കേസിലെ ഹർജിക്കാരൻ ആയിരുന്നു എന്നതിനാൽ ടിയാന് ക്രിമിനൽ നടപടിക്രമം 222-ാം ചട്ട പ്രകാരം കേസിലെ രേഖകളുടെ അടയാള സഹിതം പകർപ്പുകൾ ലഭിക്കുന്നതിന് അവകാശമുണ്ടെന്നും ആയത് ഒരു പ്രത്യേക നിയമമായി നിലനിൽക്കുന്നതിനാൽ

ആദ്യ അപേക്ഷയിൽ ചോദിച്ചിരിക്കുന്ന ചോദ്യം നം. 1, 3, 6, 7, 11, 12, 13 എന്നീ രേഖാപകർപ്പുകൾക്കുള്ള അപേക്ഷ നൽകാൻ നിർദ്ദേശിച്ചാണ് തീർപ്പാക്കിയതെന്നും ഇതിൽ അപേക്ഷകന് രേഖാപകർപ്പ്/വിവരം ലഭിക്കരുത് എന്ന മന:പൂർവ്വമായ ഉദ്ദേശ്യം ഇല്ലായിരുന്നുവെന്നും വിവരാവകാശ നിയമത്തിനു കീഴിൽ 2006–ൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിവരാവകാശം (കീഴ്കോടതികളും ട്രിബ്യൂണലുകളും) ചട്ടങ്ങളിലെ 12–ാം ചട്ട പ്രകാരം "ഒരു നിയമ നടപടിയെ സംബന്ധിച്ചുള്ള വിവരങ്ങൾക്കോ പ്രമാണങ്ങൾക്കോ വേണ്ടി നൽകുന്ന അപേക്ഷ ഈ ചട്ട പ്രകാരം സ്വീകരിക്കേണ്ടതില്ല" എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ മുകളിൽ പറഞ്ഞ പ്രത്യേക നിയമപ്രകാരം അർഹമായ സംഗതികളുടെ പകർപ്പുകൾ അപേക്ഷകന് ടി കോടതിയിൽ നിന്നും ലഭിക്കുന്നതാണ് എന്നതിനാലാണ് അപ്പീൽ അപേക്ഷയും നിരസിക്കേണ്ടി വന്നതെന്നും ആയത് അപേക്ഷയ്ക്ക് കാലതാമസവും ക്ലേശവും പ്രതീക്ഷിച്ച് ചെയ്തതല്ലെന്നും ആദ്യ അപേക്ഷയിലെ ചോദ്യം നമ്പർ: 2, 4, 5, 8, 9, 10 എന്നീ ചോദ്യങ്ങൾക്ക് വ്യക്തവും, കൃത്യവുമായ മറുപടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയിട്ടുണ്ടെന്ന് ബോധ്യമായിട്ടുണ്ടെന്നും മേൽ വിവരിച്ച സംഗതികളിൽ നിന്നും എസ്.പി.ഐ.ഒ. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ വ്യക്തമായ വിശദീകരണങ്ങൾക്കും, അർഹമായ മാർഗങ്ങളുടെ ഉപദേശത്തിനും ശേഷം മാത്രമാണ് തീർപ്പാക്കിയതെന്ന് ബോധ്യപ്പെട്ട് അപ്പീൽ അപേക്ഷയിൽ യാതൊരുവിധ തുടർനടപടിയും ആവശ്യമില്ല എന്ന് കണ്ടതിനാലാണ് അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവായതെന്നും അപ്പീൽ തീർപ്പാക്കിയതിൽ ടിയാന്റെ ഭാഗത്തു നിന്ന് മന:പൂർവ്വമായ ഒരു വീഴ്ചയും ഉണ്ടായിട്ടില്ലെന്നുമാണ്.

5. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 09.05.2022–ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം 24.11.2021–ന് ബഹു. ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി, എറണാകുളം മുമ്പാകെയാണ് അപേക്ഷ സമർപ്പിച്ചതെന്നും ആയതിൽ പെരുമ്പാവൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതി–3–ൽ നിലവിലിരിക്കുന്ന സി.സി.203/2018–ാം നമ്പർ കേസിലെ വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്ന് കണ്ട് വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം ടി ഓഫീസിലേക്ക് അയച്ച അപേക്ഷ 27.11.2021–ന് ലഭിച്ചിട്ടുള്ളതാണെന്നും ടി അപേക്ഷയിലെ 13 ചോദ്യങ്ങളിൽ ചോദ്യം നം. 1, 3, 6, 7, 11, 12, 13 എന്നിവ രേഖകളുടെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ടുള്ളവ ആയിരുന്നു എന്നും ക്രിമിനൽ നടപടിക്രമം 222 പ്രകാരം കേസിലെ രേഖകളുടെയും പ്രമാണങ്ങളുടെയും പകർപ്പുകൾ, പകർപ്പ് അപേക്ഷ നൽകി വാങ്ങേണ്ടവയായതിനാൽ അപ്രകാരം ചെയ്യുന്നതിന് അറിയിച്ചുവെന്നും ചോദ്യം നം. 2, 4, 5, 8, 9, 10 എന്നിവയ്ക്ക് കൃത്യവും വ്യക്തവുമായ മറുപടിയാണ് 9.12.2021–ന്

നൽകിയതെന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിൽ മന:പൂർവ്വമായ യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, വിവരാവകാശ അപേക്ഷയിലെ 1, 3, 6, 7, 11, 12, 13 എന്നീ ഇനങ്ങൾക്ക് ടിയാൻ ആ കേസിലെ ഹർജിക്കാരൻ ആയിരുന്നതിനാൽ രേഖകളുടെ അടയാള സഹിതമുള്ള പകർപ്പുകൾ ലഭിക്കുന്നതിന് ടിയാന് അവകാശമുള്ളതിനാലാണ് കേസിലെ രേഖകളുടെയും പ്രമാണങ്ങളുടെയും പകർപ്പിന്, പകർപ്പ് അപേക്ഷ നൽകി വാങ്ങേണ്ടതാണെന്ന് എതിർകക്ഷികൾ മറുപടി നൽകിയത് എന്ന് കാണുന്നു. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ എതിർകക്ഷികൾ മന:പൂർവ്വമോ ബോധപൂർവ്വമോ ആയ വീഴ്ച വരുത്തിയതായി കാണുന്നില്ല. മാത്രമല്ല ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ ഏത് ഇനത്തിനാണ് തൃപ്തികരമല്ലാത്ത മറുപടി നൽകിയതെന്ന് കമ്മീഷനിൽ ലഭ്യമാക്കിയ ഹർജിയിൽ ഹർജിക്കാരൻ വ്യക്തമാക്കിയിട്ടുമില്ല. എന്നാൽ എതിർകക്ഷികൾ നൽകിയ മറുപടിയിലുള്ള ഹർജിക്കാരന്റെ ആക്ഷേപം ദൂരീകരിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കാൻ ഹർജിക്കാരന് അവസരം നൽകി, ആവശ്യമായ രേഖകളുടെ പകർപ്പുകൾ നിയമാനുസൃതം പകർപ്പ് ഫീ ഒടുക്കി എടുക്കുന്നതിന് ഒന്നാം എതിർകക്ഷി ഹർജിക്കാരന് അനുമതി നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 7-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA * THIRUVANANTHAPURAM

us